₹ 5/-

# റിയൽ ലൈഫ് വോയ്സ്

# REAL LIFE VOICE

Monthly

Volume 12
Issue 12

June 2024

pages 24

"സമസ്തസൃഷ്ടികളും ഒന്നുചേർന്ന് ഇതുവരെയും ഈറ്റുനോവനുഭവിക്കുകയും നെടുവീർപ്പിടുകയും ചെയ്യുന്നു എന്നു നമുക്കറിയാം. സൃഷ്ടി മാത്രമല്ല, ആത്മാവിന്റെ ആദ്യഫലം ലഭിച്ചിരിക്കുന്ന നാമും നമ്മുടെ ശരീരങ്ങളുടെ വീണ്ടെടുപ്പാകുന്ന പുത്രത്വലബ്ധി പ്രതീക്ഷിച്ചുകൊണ്ട് ആന്തരികമായി വിലപിക്കുന്നു. ഈ പ്രത്യാശയിലാണ് നാം രക്ഷപ്രാപിക്കുന്നത്" **(റോമർ 8:22-24 - POC)**

REAL LIFE VOICE

KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

// REAL LIFE VOICE

Volume 12 Issue 12 June 2024 pages 24 Rs.5/

**Email:** reallifekottekad@gmail.com
**Website:** www.reallifevoice.in

*Real Life Voice is a Christian magazine dedicated to studying the Word of God and analysing current events*

**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

***Bank:***
State Bank of India
*Branch:*
Punnamparambu
*IFS Code:*
SBIN0070342
*A/c No.:*
40447607951
*Name:*
Sebastian M V

**Book No. 150**

## ഉള്ളടക്കം

പേജ്


- സ്വർഗ്ഗം ഹൗസ്ഫുൾ! 3
- ഇത് 150–ാം ലക്കം 6
- ആസ്യയിലെ ഏഴ് സഭകൾ (4) 7
- കെ. വി. ഐസക്ക് (അഭിമുഖം) (3) 10
- യോനാ (1) 14
- ചോദ്യവും ഉത്തരവും (38) 17
- ഓർമ്മകൾ (39) 18
- തട്ടും തലോടലും (4) 21
- 15കാരൻ വിശുദ്ധൻ 24


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# സ്വർഗ്ഗം ഹൗസ്ഫുൾ!

"എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്" (യോഹന്നാൻ 14:2). സ്വർഗ്ഗം, അത് എവിടെയായാലും ശരി, അവിടെ വേണ്ടുവോളം സ്ഥലമുണ്ട്. പക്ഷേ ആ സ്ഥലം മുഴുവൻ നിറയുവാൻ ആവശ്യമായ വിധം ആളുകൾ സ്വർഗ്ഗത്തിൽ കാണുമോ? സുവിശേഷവേല മന്ദമായ നിലയിലാണ് പലയിടത്തും നടക്കുന്നത്. സുവിശേഷവേല ചെയ്യുന്നവരുടെ സാക്ഷ്യമില്ലായ്മയും സഭാനേതൃത്വത്തിന്റെ മാതൃകയില്ലായ്മയും മൂലം പലരും പിന്മാറിപ്പോയിട്ടുണ്ട്. മാത്രമല്ല, സുവിശേഷപ്രവർത്തനം നിമിത്തം അധികമാരും ഇക്കാലങ്ങളിൽ രക്ഷിക്കപ്പെട്ട് സഭയിൽ വരുന്നുമില്ല.

എങ്കിലും സഭകൾ വളരുന്നതായി പലരും അവകാശപ്പെടാറുണ്ട്. ആ വളർച്ച രണ്ടു തരത്തിലാണ്. ഒന്നാമത്തേത് പെറ്റുപെരുകിയുള്ള വളർച്ചയാണ്. അതായത് സഭയിലെ ആളുകൾക്ക് ജനിക്കുന്ന കുഞ്ഞുങ്ങൾ സ്വാഭാവികമായും സഭയുടെ ഭാഗമായി മാറുന്ന അവസ്ഥ. രണ്ടാമത്തേത്, മറ്റു സഭകളിൽനിന്നും ചാടിപ്പോരുന്നവരെ സ്വീകരിച്ചുകൊണ്ടുള്ള വളർച്ചയാണ്. ഒരു സഭാകൂടിവരവിൽനിന്നും, അതിനെ കുറ്റം പറഞ്ഞ് ആരെങ്കിലും വരുമ്പോൾ, അവർ അതുവരെ കൂടിവന്നിരുന്ന സഭയിലെ നേതൃത്വവുമായി ഒന്നും സംസാരിക്കാൻ പോലും തയ്യാറാകാതെ, അവരെ രണ്ടുകയ്യും നീട്ടി സ്വീകരിക്കാൻ ആളുകൾ തയ്യാറാകുന്നത്, അവരുടെ ആത്മികപാപ്പരത്തം നിമിത്തമാണ്.

സുവിശേഷം പറഞ്ഞ് ഏതായാലും ആരും വരുന്നില്ല, എങ്കിൽ ചാടിപ്പോരുന്നവർ ആകട്ടെ എന്ന് അവർ ആശ്വസിക്കുന്നു. ഞങ്ങളുടെ കൂടിവരവിൽ ഇത്ര കുടുംബങ്ങൾ ഉണ്ട് എന്ന് വീരസ്യം പറയാമല്ലോ. ഈ രീതിയിൽ പല സഭകളും 'വളരുന്നുണ്ടെങ്കിലും' മൊത്തം വിശ്വാസികളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവൊന്നുമില്ല. "നട്ടപ്പോഴും പറിച്ചപ്പോഴും രണ്ടു കുട്ട" എന്ന നിലയിൽ ശോചനീയമായ വിധം വിശ്വാസികളുടെ എണ്ണത്തിലെ വളർച്ചാനിരക്ക് കുറഞ്ഞുപോയിരിക്കുന്നു. കഠിനാദ്ധ്വാനം ചെയ്ത് ആത്മാർത്ഥമായി സുവിശേഷപ്രവർത്തനം നടത്തുന്ന പലരുമുണ്ട്. അവരുടെ സ്വർഗ്ഗത്തിലെ പ്രതിഫലം വർദ്ധിക്കുന്നു എന്നൊരു ഗുണം തീർച്ചയായുമുണ്ട്. പക്ഷേ ആളുകൾ മുന്നോട്ടുവരാതെ പിശാച് തടയുന്നു.

ഇങ്ങനെയായാൽ സ്വർഗ്ഗത്തിൽ അനേകം സ്ഥലം കാലിയായി കിടക്കുകയില്ലേ? ഒരുക്കിയ സ്ഥലത്തിൽ പല ഭാഗങ്ങളും കാലിയായി കിടക്കുന്നത് നേതാവിന് അപമാനമാണ്. നമ്മുടെ തലമുറയിൽ ആളുകൾ രക്ഷിക്കപ്പെട്ടു മുന്നോട്ടുവരുന്നത് പണ്ടത്തേതിനേക്കാൾ തീരെ കുറഞ്ഞുപോയതുകൊണ്ട് സ്വർഗ്ഗം നിറയാതെ പോകും എന്നൊരു ആശങ്ക നമുക്കുണ്ടാകാം. പക്ഷേ ഇതു സംബന്ധിച്ച് തിരുവെഴുത്ത് പറയുന്നത് നോക്കുക:

> സ്വർഗ്ഗരാജ്യം തന്റെ പുത്രനുവേണ്ടി കല്യാണസദ്യ കഴിച്ച ഒരു രാജാവിനോട് സദൃശം. അവൻ കല്യാണത്തിന് ക്ഷണിച്ചവരെ വിളിക്കേണ്ടതിന് ദാസന്മാരെ പറഞ്ഞയച്ചു. അവർക്കോ വരുവാൻ മനസ്സായില്ല..... പിന്നെ അവൻ ദാസന്മാരോട്: കല്യാണം ഒരുങ്ങിയിരിക്കുന്നു. ക്ഷണിക്കപ്പെട്ടവരോ യോഗ്യരായില്ല. ആകയാൽ വഴിത്തലക്കൽ ചെന്നു കാണുന്നവരെയൊക്കെയും കല്യാണത്തിന് വിളിപ്പിൻ എന്നു പറഞ്ഞു....... കല്യാണശാല വിരുന്നുകാരെക്കൊണ്ട് നിറഞ്ഞു (മത്തായി 22:1–14)

കല്യാണശാല നിറായത്ത അവസ്ഥ വന്നപ്പോൾ ഏത് നിലയിലായാലും കല്യാണശാല നിറയ്ക്കുവാൻ ശ്രമിച്ച ആ രാജാവാണ് നമ്മുടെ ദൈവം. കല്യാണശാല വിരുന്നുകാരെക്കൊണ്ട് നിറയ്ക്കുന്നതിൽ ആ രാജാവ് വിജയിച്ചു. അതുപോലെ സ്വർഗ്ഗവും ആളുകളെക്കൊണ്ട് നിറയും. അഥവാ, ദൈവം നിറയ്ക്കും. എങ്ങനെ?

ശിശുവായ യേശുവിനെ കൊല്ലാൻ നോക്കിയ ഹെരോദാരാജാവ് രണ്ടു വയസ്സിനു താഴെയുള്ള കുഞ്ഞുങ്ങളെ കൊല്ലാൻ ഉത്തരവിട്ടു. നിരവധി കുഞ്ഞുങ്ങൾ ദാരുണമായി കൊല്ലപ്പെട്ടു. ആ കുഞ്ഞുങ്ങളെല്ലാം സ്വർഗ്ഗത്തിൽ കാണും. ഒരു പക്ഷേ ആ കുഞ്ഞുങ്ങൾ കൊല്ലപ്പെടാതിരുന്നുവെങ്കിൽ, അവരിൽ പലരും സ്വർഗ്ഗത്തിന് അവകാശികളാകാനുള്ള സാധ്യത കുറവാണ്. അതായത്, അവർ വളർന്നിരുന്നുവെങ്കിൽ, ദൈവഹിതപ്രകാരം ജീവിച്ചുകൊള്ളണമെന്നില്ല. എന്നാൽ, ദൈവത്തെ അറിയുവാനോ അംഗീകരിക്കുവാനോ ഉള്ള തിരിച്ചറിവില്ലാത്ത പ്രായത്തിൽ ആ കുഞ്ഞുങ്ങൾ കൊല്ലപ്പെട്ടതുകൊണ്ട്, അവർ സ്വർഗ്ഗരാജ്യത്തിൽ അംഗങ്ങളാവുകയാണ് ചെയ്തത്.

കഴിഞ്ഞ ദിവസം ഒരു അമ്മ തന്റെ കൈക്കുഞ്ഞിനെ ഫ്ളാറ്റിന്റെ മുകളിൽനിന്നും റോഡിലേക്ക് വലിച്ചെറിഞ്ഞു കൊന്നു. അതിനും മുമ്പ് മറ്റൊരു യുവതി, അവൾ പ്രസവിച്ച കുഞ്ഞിനെ ബക്കറ്റിലെ വെള്ളത്തിൽ മുക്കിക്കൊന്നു. പെറ്റമ്മമാർക്ക് വേണ്ടാത്ത ഈ കുഞ്ഞുങ്ങളെല്ലാം നിത്യനരകത്തിലേക്കല്ല പോകുന്നത്, സ്വർഗ്ഗത്തിലേക്ക് തന്നെയാണ്.

അമ്മയുടെ വ്യഭിചാരത്തിന്റെ നാറ്റക്കഥ പുറത്താരും അറിയാതിരിക്കാനായി കൊല ചെയ്യപ്പെട്ട കുഞ്ഞുങ്ങൾ, അമ്മയ്ക്ക് കാമുകനോടൊപ്പം ജീവിക്കാനായി കൊല ചെയ്യപ്പെട്ട കുഞ്ഞുങ്ങൾ, മന്ത്രവാദത്തിന്റെ ഭാഗമായി കൊല ചെയ്യപ്പെട്ട കുഞ്ഞുങ്ങൾ, ഉപദ്രവിച്ചും പിഡിപ്പിച്ചും കൊന്നുകളഞ്ഞ കുഞ്ഞുങ്ങൾ എന്നിങ്ങനെ കർത്താവിൽ വിശ്വസിക്കാനും കർത്താവിനെ രക്ഷകനായി സ്വീകരിക്കാനും പ്രാപ്തിയില്ലാത്ത പ്രായത്തിൽ കൊല ചെയ്യപ്പെടുകയോ, രോഗം ബാധിച്ച് മരിക്കുകയോ ചെയ്തിട്ടുള്ള സകല കുഞ്ഞുങ്ങളും സ്വർഗ്ഗരാജ്യത്തിന്റെ അവകാശികളാണ്.

ബുദ്ധിവൈകല്യമുള്ള കുഞ്ഞുങ്ങൾ, കുഞ്ഞുപ്രായം മുതൽ സുബോധമില്ലാതെ ജീവിക്കുന്നവർ, ഓട്ടിസം ബാധിച്ചവർ എന്നീ വിഭാഗങ്ങളിൽ പെട്ടവരുടെ എണ്ണവും നാം കണക്കിലെടുക്കണം. തീരുമാനങ്ങളെടുക്കാൻ കഴിയാത്തവിധം മാനസികവെല്ലുവിളി നേരിടുന്ന കുഞ്ഞുങ്ങളെ ദൈവം എന്തിനു സൃഷ്ടിച്ചു എന്നൊരു ചോദ്യം വിശ്വാസികൾ പോലും ചോദിക്കാറുണ്ട്. ആരോഗ്യമുള്ള കുഞ്ഞുങ്ങൾ വളർന്നു വലുതാകുമ്പോൾ കർത്താവിനെ സ്വീകരിക്കാതെ നിത്യനരകത്തിന് അവകാശികളാകുമ്പോൾ, മാനസികവെല്ലുവിളി നേരിടുന്ന കുഞ്ഞുങ്ങൾ സ്വർഗ്ഗരാജ്യത്തിനാണ് അവകാശികളാകുന്നത്. സ്വർഗ്ഗത്തിൽ അവർ പൂർണ്ണ ആരോഗ്യവാന്മാരായിരിക്കും. യാതൊരു വൈകല്യവും അവർക്കുണ്ടായിരിക്കയില്ല.

ഈ ലോകത്തിൽ അവർ അനുഭവിച്ച ദുരിതത്തിന് പകരമായി ഇരട്ട അനുഗ്രഹമാണ് അവർക്ക് ലഭിക്കാൻ പോകുന്നത്. ഒന്ന്, അവർ സ്വർഗ്ഗരാജ്യത്തിന്റെ അവകാശികളാകുന്നു; രണ്ട്, അവരുടെ വൈകല്യം ഇല്ലാതാവുന്നു. ദൈവത്തിന് സ്തോത്രം! തീരുമാനങ്ങളെടുക്കാൻ കഴിവില്ലാത്ത പ്രായത്തിൽ ഗുരുതരമായ രോഗങ്ങൾ ബാധിച്ച് മരിച്ചുപോകുന്ന കുഞ്ഞുങ്ങളെക്കുറിച്ചുള്ള വാർത്തകൾ നമ്മിൽ ഉളവാക്കുന്ന നൊമ്പരത്തിന്റെ നീറ്റൽ ചെറുതൊന്നുമല്ല. അപകടത്തെത്തുടർന്ന് മരിച്ചുപോകുന്ന കുഞ്ഞുങ്ങൾ നമ്മുടെ കണ്ണുകളെ പലപ്പോഴും ഈറനണിയിക്കാറുണ്ട്. പലരും ദൈവത്തെ 'കണ്ണിൽ ചോരയില്ലാത്തവൻ' എന്നു കുറ്റം പറയാറുമുണ്ട്.

നമ്മുടെ ദൈവം കരുണാമയനാണ്. ആരും നശിച്ചുപോകാൻ ആഗ്രഹിക്കാത്തവനാണ്. അകാലത്തിൽ കൊഴിഞ്ഞുപോകുന്ന ഈ കുഞ്ഞുപൂക്കളെല്ലാം സ്വർഗ്ഗമാകുന്ന പൂന്തോട്ടത്തിൽ നിറഞ്ഞു ശോഭിക്കാനുള്ളവയാണ്. പല കുടുംബങ്ങളിൽനിന്നും ദൈവം ഈ രീതിയിൽ കുറെ പേരെ സ്വന്തമാക്കിയിട്ടുണ്ട്. ആ കുടുംബത്തിലെ ബാക്കിയുള്ളയാളുകൾ ദൈവത്തോട് മറുതലിച്ചുനടക്കുമ്പോൾ, ചിലരെ ദൈവം ഈ നിലയിൽ സ്വന്തമാക്കുന്നു. അതെ, സ്വർഗ്ഗം തീർച്ചയായും ഹൗസ്ഫുൾ ആയിരിക്കും. ദൈവത്തിനു സ്തോത്രം!

**(എംവിഎസ്)**




# ഇത്
# 150-ാം ലക്കം

**റിയൽ ലൈഫ് വോയ്സ് പ്രസിദ്ധീകരണം തുടങ്ങിയത് 2012 ജനുവരിയിൽ**

പുറകോട്ട് തിരിഞ്ഞുനോക്കുമ്പോൾ ദൈവം നടത്തിയെന്നല്ലാതെ മറ്റൊന്നും ഞങ്ങൾക്ക് പറയാനില്ല. കഴിഞ്ഞ 150 മാസവും കൃത്യമായി മാസിക പ്രസിദ്ധീകരിക്കാൻ ദൈവം കരുണ ചെയ്തു. ക്രൈസ്തവമാസികകളെക്കുറിച്ച് നിലവിലുള്ള സങ്കല്പങ്ങളെ മാറ്റിമറിച്ചുകൊണ്ടും മാസികാ പ്രസിദ്ധീകരണത്തിന്റെ പാരമ്പര്യപാതയിൽനിന്നു വ്യതിചലിച്ചുംകൊണ്ടുള്ള ഒരു അവതരണമായിരുന്നു *റിയൽ ലൈഫ് വോയ്സി*ന്റേത്.

വൈവിധ്യമുള്ള പംക്തികൾ നമ്മുടെ മാസികയുടെ പ്രധാന ആകർഷണഘടകമായി പലരും പറഞ്ഞുകേട്ടിട്ടുണ്ട്. വരിസംഖ്യയുടെ കാര്യത്തിൽ ഞങ്ങൾ കാണിക്കുന്ന മനോഭാവത്തെ പ്രശംസിച്ചവരുണ്ട്. (ഞങ്ങൾ വരിസംഖ്യ ആരോടും ആവശ്യപ്പെടാറില്ല). ലളിതമായ ഭാഷയാണെന്നും വായനാസുഖമുണ്ടെന്നും അഭിപ്രായപ്പെട്ടവരുണ്ട്. പേജുകൾ കുറഞ്ഞുപോയി എന്നും വെറും അരമണിക്കൂർ കൊണ്ട് വായിച്ചുതീരുന്നുവെന്നും പരാതിപ്പെട്ടവരുമുണ്ട്. പക്ഷേ ആ പരാതി പരിഹരിക്കാൻ ഇന്നത്തെ സാഹചര്യത്തിൽ ഞങ്ങൾക്ക് കഴിയാത്തതിൽ ഖേദിക്കുന്നു.

ഒരു മാസിക നടത്തിപ്പ് എളുപ്പമുള്ള കാര്യമല്ല എന്ന് ഈ നാളുകളിൽ ഞങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. എങ്കിലും ദൈവം ഇതുവരെ നടത്തി. ഈ മാസിക പ്രയോജനകരമാണ് എന്ന് വായനക്കാർ അറിയിക്കുമ്പോൾ വലിയൊരു ഊർജ്ജം ഞങ്ങൾക്ക് ലഭിക്കാറുണ്ട്. ദൈവം അനുവദിക്കുന്നതുവരെ ഈ മാസികയുടെ പ്രസിദ്ധീകരണം തുടരുന്നതാണ്.

**വായനക്കാർ ഇടയ്ക്കിടെ പ്രതികരണങ്ങൾ അറിയിക്കണം** എന്നു ഈയവസരത്തിൽ ഓർമ്മിപ്പിക്കയാണ്. മാസിക വായിച്ച്, നിങ്ങൾ പ്രതികരണം അറിയിക്കുമ്പോൾ, അത് ഞങ്ങളെ എത്രമാത്രം പ്രോത്സാഹിപ്പിക്കുന്നു എന്നു പറയേണ്ടതില്ലല്ലോ.

**(എഡിറ്റർ)**

# ആസ്യയിലെ ഏഴ് സഭകൾ

**വെളിപ്പാട് 2,3 അദ്ധ്യായങ്ങളിൽ നിന്നുള്ള ചിന്തകൾ**

4

**എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

*"...ആസ്യയിലെ ഏഴു സഭകൾക്കും എഴുതുന്നത്..." (വെളിപ്പാട് 1:4).*

*"...എഫെസൊസ്, സ്മുർന്ന, പെർഗ്ഗമൊസ്, തുയഥൈര, സർദ്ദിസ്, ഫില ദെൽഫ്യ, ലവൊദിക്യ എന്ന ഏഴു സഭകൾക്കും അയയ്ക്കുക" (വെളി.1:11)*

### എഫെസൊസ് സഭയ്ക്കുള്ള സന്ദേശം (വെളി.2:1–7)

ആസ്യയിലെ ഏഴു സഭകളിൽ ആദ്യത്തേതായി കൊടുത്തിരിക്കുന്നത് എഫെസൊസിലെ സഭയാണ്. യെഹൂദന്മാരും യവനൻമാരും മന്ത്രവാദികളും ക്ഷുദ്രക്കാരും തിങ്ങിനിറഞ്ഞിരുന്ന സ്ഥലമായിരുന്നു അത്. അവിടെയാണ് സുവിശേഷവുമായി ദൈവമക്കൾ കടന്നുചെല്ലുന്നത്. ആ സുവിശേഷം ചില ഹൃദയങ്ങളിൽ പരിവർത്തനങ്ങൾ ഉളവാക്കി. അവിടെ ദൈവസഭയുണ്ടായി.

**എഫെസൊസ് പട്ടണത്തിന്റെ പ്രത്യേകതകൾ**

**(1) ക്ഷുദ്രപ്രയോഗത്തിന്റെ പട്ടണം**

മന്ത്രവാദത്തിന് പേരുകേട്ട നാടായിരുന്നു എഫെസൊസ്. യെഹൂദന്മാരിലും യവനന്മാരിലും പലരും മന്ത്രവാദവും ക്ഷുദ്രപ്രയോഗവും ചെയ്യുന്നവരായിരുന്നു. "മന്ത്രവാദികളായ ചില യെഹൂദന്മാർ" എന്ന് നാം അപ്പൊ. പ്രവൃ.19:13 ൽ കാണുന്നു. എഫെസൊസിൽ ആളുകൾ കർത്താവിൽ വിശ്വസിച്ചപ്പോൾ ഉണ്ടായ കാര്യം നോക്കുക: "ക്ഷുദ്രപ്രയോഗം ചെയ്തിരുന്ന പലരും തങ്ങളുടെ പുസ്തകങ്ങളെ കൊണ്ട് വന്ന് എല്ലാവരും കാൺകെ ചുട്ടുകളഞ്ഞു. അവയുടെ വില കണക്കുകൂട്ടിയപ്പോൾ അമ്പതിനായിരം വെള്ളിക്കാശ് എന്ന് കണ്ടു". (അപ്പൊ.പ്രവൃ. 19:19)

**(2) അർത്തെമിസ് ദേവിയുടെ പട്ടണം**

എഫെസൊസ് പട്ടണത്തിന്റെ പട്ടണമേനവൻ (town clerk) പറയുന്നത്, എഫെസൊസ് പട്ടണം അർത്തെമിസ് ദേവിയുടേതാണെന്ന കാര്യം തർക്കമില്ലാത്തതാണ് എന്നാണ് (അപ്പൊ.പ്രവൃ.19:35,36). എഫെസ്യരുടെ അർത്തെമിസ് മഹാദേവി എന്നു ആർത്തുകൊണ്ട് രണ്ടു മണിക്കൂറോളമാണ് ആ ജനം ഏകശബ്ദത്തോടെ ബഹളം വച്ചത് (19:34). അവിടെയുള്ള അർത്തെ

മിസ് ദേവിയുടെ വിഗ്രഹം ആകാശത്ത്നിന്ന് ദേവി ഇട്ടുകൊടുത്തതാണെന്നു വിശ്വസിക്കുന്നവരാണ് ആ പട്ടണത്തിലുള്ള ഭക്തജനം! (19:35)

**എഫെസൊസ് സഭയുടെ പ്രത്യേകതകൾ**

**(1) പൗലൊസിന്റെ പ്രവർത്തനഫലമായുണ്ടായ സഭ**

പൗലൊസിന്റെ നേതൃത്വത്തിൽ നടന്ന സുവിശേഷപ്രവർത്തനത്തിന്റെ ഫലമായി രൂപംകൊണ്ടതാണ് എഫെസൊസിലെ സഭ. തുറന്നൊസിന്റെ പാഠശാലയിൽ എല്ലാ ദിവസവും പൗലൊസ് സംവാദങ്ങൾ നടത്തി. രണ്ടു വർഷത്തോളം നടന്ന ഈ സംവാദങ്ങൾ മൂലം ധാരാളം ആളുകൾ സുവിശേഷം കേൾക്കുവാൻ ഇടയായി (അപ്പൊ.പ്രവൃ.19:9,10). കൈയാൽ തീർത്തത് ദേവന്മാരല്ല എന്നു പറഞ്ഞുകൊണ്ട് പൗലൊസ് നടത്തിയ പ്രസംഗങ്ങൾ അർത്തെമിസ്ദേവിയുടെ ഭക്തന്മാരെ പരിഭ്രാന്തരാക്കുകയും ക്രോധപൂർണ്ണരാക്കുകയും ചെയ്തിരുന്നു (19:26).

എഫെസൊസിൽ താൻ നടത്തിയ വേലയെക്കുറിച്ച് പൗലൊസിന്റെ സാക്ഷ്യം ഇപ്രകാരമാണ്: "ഞാൻ എഫെസൊസിൽ വച്ച് മൃഗയുദ്ധം ചെയ്തു" (1 കൊരിന്ത്യർ 15:32). അക്ഷരാർത്ഥത്തിൽ മൃഗങ്ങളുമായി യുദ്ധം ചെയ്തതാകാം. മൃഗങ്ങളുടെ കൂട്ടിൽ പൗലൊസിനെ അടച്ചിടുകയും അപ്പോൾ ദൈവികമായ ശക്തി തന്നിൽ വ്യാപരിച്ച് മൃഗങ്ങളുമായി ഏറ്റുമുട്ടുകയും അവയെ കീഴ്പെടുത്തുകയും ചെയ്തതാകാം. എന്നാൽ ഇതിനെക്കുറിച്ച് ബൈബിളിൽ ഒരിടത്തും നാം വായിക്കുന്നില്ല. മൃഗങ്ങൾക്ക് തുല്യമായ സ്വഭാവം കാണിക്കുന്ന സുവിശേഷവിരോധികളായ മനുഷ്യരുമായി സംവാദങ്ങളിലൂടെ ആശയപരമായി ഏറ്റുമുട്ടിയതിനെക്കുറിച്ചാണ് പൗലൊസ് ഇവിടെ പരാമർശിച്ചിരിക്കുന്നത് എന്നും ചിന്തിക്കാവുന്നതാണ്.

എളുപ്പമായിരുന്നില്ല എഫെസൊസിലെ വേല എന്ന് ഇതിൽനിന്ന് വ്യക്തം. ഇതേപ്പറ്റി പൗലൊസ് പറയുന്നത് കേൾക്കുക: "വളരെ താഴ്മയോടും കണ്ണുനീരോടും യെഹൂദന്മാരുടെ കൂട്ടുകെട്ടുകളാൽ എനിക്കുണ്ടായ കഷ്ടങ്ങളോടുംകൂടെ കർത്താവിനെ സേവിച്ചു..." (അപ്പൊ.പ്രവൃ. 20:19). പലപ്പോഴും ഉപജീവനത്തിനായി വേറെ ജോലികൾ പൗലൊസ് ചെയ്യുമായിരുന്നു (20:34).

**(2) വിശുദ്ധന്മാരോട് സ്നേഹമുള്ള സഭ**

പൗലൊസ് എഫെസൊസുകാർക്ക് എഴുതിയ ലേഖനത്തിൽ, അവർക്ക് "യേശുവിലുള്ള വിശ്വാസത്തെയും സകല വിശുദ്ധന്മാരോടുമുള്ള സ്നേഹത്തെയുംകുറിച്ച് കേട്ടു" എന്നെഴുതിയിരിക്കുന്നു (എഫെ.1:15,16). ഈ രണ്ടു കാര്യം – യേശുവിലുള്ള വിശ്വാസവും വിശുദ്ധന്മാരോടുള്ള സ്നേഹവും –

ഉള്ളവർക്ക് ദൈവാനുഗ്രഹമുണ്ടാകും. യേശുവിനോട് സ്നേഹമുണ്ടെന്നു പറയുകയും വിശുദ്ധന്മാരോട് (വിശ്വാസികളോട്) അസൂയയും വെറുപ്പും കൊണ്ടുനടക്കുന്ന വ്യക്തികൾ ഉള്ള സഭകൾ മാതൃകയുള്ളവരല്ല.

എന്നാൽ കാലങ്ങൾ കഴിയുമ്പോൾ സഭകൾക്ക് മൂല്യശോഷണം സംഭവിക്കുന്നു. എഫെസൊസ് സഭയുടെ സ്ഥിതിയും വ്യത്യസ്തമായിരുന്നില്ല. തിമൊഥെയൊസിനോട് പൗലൊസ് നിർദ്ദേശിച്ചത് ശ്രദ്ധിക്കുക: "അന്യഥാ ഉപദേശിക്കരുതെന്നും വിശ്വാസം എന്ന ദൈവവ്യവസ്ഥയ്ക്കല്ല തർക്കങ്ങൾക്കു മാത്രം ഉതകുന്ന കെട്ടുകഥകളെയും അന്തമില്ലാത്ത വംശാവലികളെയും ശ്രദ്ധിക്കരുതെന്നും ചിലരോട് ആജ്ഞാപിക്കേണ്ടതിന് നീ എഫെസൊസിൽ താമസിക്കേണം" (1 തിമൊ.1:3,4). കെട്ടുകഥകളും പ്രയോജനമില്ലാത്ത വംശാവലികളും ഉൾപ്പെടുത്തി പ്രബോധിപ്പിക്കാനുള്ള പ്രവണത ആ സഭയിലുള്ളവർ കാണിച്ചുതുടങ്ങിയതിനെ തടയാൻ തിമൊഥെയൊസിനോട് ആവശ്യപ്പെടുകയാണ് പൗലൊസ്.

കൊരിന്ത്യലേഖനം ഏ.ഡി. 62 ൽ എഴുതി എന്നു കരുതുന്നു. ആ കൊരിന്ത്യലേഖനത്തിലാണ് പൗലൊസ് വിശുദ്ധന്മാരോടുള്ള അവരുടെ സ്നേഹത്തെക്കുറിച്ച് കേട്ട കാര്യം പറഞ്ഞത്. തിമൊഥെയൊസിനുള്ള ലേഖനം എഴുതിയത് ഏ.ഡി. 67 ലാണത്രേ. അഞ്ചുകൊല്ലം കഴിയുമ്പോഴേക്കും എഫെസൊസ് സഭയിൽ വന്ന മാറ്റം കണ്ടുവോ! പ്രസംഗിക്കുന്നവർ കെട്ടുകഥകളും അന്തമില്ലാത്ത വംശാവലികളും പറഞ്ഞ് തർക്കങ്ങൾക്ക് വഴി തെളിക്കുന്നു! വിശ്വാസം വർദ്ധിപ്പിക്കുക എന്നതാകണം വചനശുശ്രൂഷകളുടെ ലക്ഷ്യം. അതിനു പകരം കെട്ടുകഥകളും വംശാവലികളും പ്രസംഗിക്കുന്നവരെ നിരുത്സാഹപ്പെടുത്താനാണ് പൗലൊസ് ആഹ്വാനം ചെയ്യുന്നത്.

വെളിപ്പാട്പുസ്തകത്തിൽ നിന്നാണല്ലോ നാം എഫെസൊസ് സഭയ്ക്കുള്ള സന്ദേശം ചിന്തിക്കുന്നത് (2:1-7). വെളിപ്പാട് പുസ്തകം എഴുതുന്നത് ഏ.ഡി. 96-ലാണ്. അതായത്, തിമൊഥെയൊസിന് പൗലൊസ് നിർദ്ദേശം കൊടുത്തിട്ട് ഏകദേശം മുപ്പത് വർഷം കൂടി കഴിഞ്ഞിരിക്കുന്നു. ഇത്രയും വർഷം ആ സഭാകൂടിവരവ് നിലനിന്നു. ഭിന്നതയും പൊട്ടിത്തകരലും മൂലം ഇന്ന് പല സഭകളും അധികം കാലം നിലനിൽക്കാറില്ല. പല സഭാഹാളുകളും വെറുതെ കിടക്കുന്നു. ചിലതെല്ലാം കേസ്കെട്ടുകൾ മൂലം അടഞ്ഞു കിടക്കുന്നു. ഭിന്നതയും ഗ്രൂപ്പിസവും മൂലം, പോലീസിന്റെ ഒത്തുതീർപ്പുചർച്ചകളെത്തുടർന്ന്, ഒരേ സഭാഹാളിൽ പല സമയങ്ങളിലായി പല ഗ്രൂപ്പുകൾ ആരാധിക്കുന്നു!

പക്ഷേ എഫെസൊസ് സഭ വർഷങ്ങളോളം നിലനിന്നു. കർത്താവിന് ആ സഭയോട് പറയാനുള്ളത് എന്തെന്ന് നമുക്ക് ഇനി നോക്കാം. **(തുടരും)**

സുവിശേഷകനായ

# കെ. വി. ഐസക്, പീച്ചി

3

**അഭിമുഖം**



*ഈ ഗേഹം വിട്ടുപോകിലും, എന്റെ ദൈവം മതിയായവൻ, എന്നേശു നാഥന്റെ വരവെന്നോ, യേശുവേ നീ കൂടവേ..* എന്നിങ്ങനെ 60-ലധികം ക്രിസ്തീയഗാനങ്ങളുടെ ശില്പി. ബ്രദറൺ സുവിശേഷകൻ. വേദാദ്ധ്യാപകൻ.

### 9. സുവിശേഷവേലയിൽ ഏറ്റവും കഠിനമായ വേദനയുളവാക്കിയ രണ്ടു സംഭവങ്ങൾ

1986 ൽ ചുവന്നമണ്ണിൽ സുവിശേഷവേല ആരംഭിച്ചു. തിങ്കളാഴ്ചകളിൽ ബൈബിൾക്ലാസ്സ് നടത്തുമായിരുന്നു. 1986 ന്റെ അവസാനമായപ്പോഴേക്കും 70-85 ആളുകൾ അവിടെ ബൈബിൾക്ലാസ്സിൽ പങ്കെടുക്കാൻ കൂടിവരുമായിരുന്നു. കൂടുതലും യാക്കോബായക്കാരായിരുന്നു. കൂടാതെ ഹൈന്ദവരും മറ്റുള്ളവരും ഉണ്ടായിരുന്നു. ആ നാളുകളിൽ വേർപെട്ട ദൈവജനത്തിന്റെ നടുവിൽ ഒരു അനിഷ്ടസംഭവം നടന്നു. അത് തൃശ്ശൂർ മേഘലയിൽ നടന്ന ഏറ്റവും ദുഃഖകരമായ സംഭവമായിരുന്നു. അത്ഭുതസൗഖ്യത്തിന്റെ പേരിൽ നടന്ന ആ സംഭവം ദൈവമക്കളുടെ വേലയ്ക്ക് വലിയൊരു തിരിച്ചടിയായി.

അടുത്ത തിങ്കളാഴ്ച പതിവുപോലെ ഞങ്ങൾ ബൈബിൾക്ലാസ്സിനു ചെന്നപ്പോൾ ഒരാൾപോലും ഉണ്ടായിരുന്നില്ല. പിന്നീട് ഒരാളെ കണ്ട് ചോദിച്ചപ്പോൾ, അദ്ദേഹം പറഞ്ഞു: “ഇനി ഞങ്ങളാരും നിങ്ങളുടെ ക്ലാസ്സിനു വരുന്നില്ല. നിങ്ങളുടെ കൂട്ടത്തിൽ വന്നാലുള്ള അനുഭവം വളരെ കൈപ്പ് നിറഞ്ഞതാണ്. ഞങ്ങളുടെ പള്ളികളിൽ കർശനമായി പറഞ്ഞിട്ടുണ്ട്, ഇനി ആരും അവിടെ പോകരുതെന്ന്.”

എന്നെ സംബന്ധിച്ച് ഇത് ഏറ്റവും വലിയ വിഷമത്തിനു കാരണമായി. ആ 75-ലധികം ആളുകളിൽ ആരും അന്ന് ബൈബിൾക്ലാസ്സിനു വന്നില്ല. അന്ന് രാത്രി പന്ത്രണ്ടുമണി വരെ ഞാൻ അവിടെനിന്ന് വാവിട്ട് കരഞ്ഞു. രാത്രി പന്ത്രണ്ടുമണിയായപ്പോൾ ഞാൻ ഒറ്റയ്ക്ക് വീട്ടിലേക്ക് നടന്നുപോയി. അന്ന് രാത്രി ഞാൻ എഴുതിയ പാട്ടാണ്,

*പ്രാണപ്രിയാ എന്നുവരും, എപ്പോൾ വരും?*
*ഒന്നു കാണ്മാൻ എന്നിനി സാധിക്കും?*

അന്ന് സഭ രൂപംകൊണ്ടിട്ടില്ല. ചുരുക്കം പേർ മാത്രമേ കർത്താവിനെ രക്ഷിതാവായി ഏറ്റുപറഞ്ഞിട്ടുള്ളൂ. ആ ബൈബിൾക്ലാസ്സ് നിലച്ചത് ഏറ്റവും സങ്കടകരമായ കാര്യമായിരുന്നു. *കഷ്ടതയാണോ നിന്നിഷ്ടം* എന്നൊക്കെയുള്ള വരികൾ ആ പാട്ടിൽ ഞാനെഴുതിയത് അങ്ങനെയാണ്. നാം നടത്തുന്ന വേലയെ സാത്താൻ എങ്ങനെ തന്ത്രപരമായി തോൽപ്പിക്കുന്നു എന്നു ഞാൻ പഠിച്ച ഒരു സന്ദർഭമാണത്.

പിറ്റേന്ന് ഞാൻ പല ഭവനങ്ങളിലേക്കും ചെന്നു. അവരെ വീണ്ടും ബൈബിൾക്ലാസ്സിന് മടക്കിവരുത്തുക എന്ന ഉദ്ദേശ്യത്തോടെയാണ് ഞാൻ ചെന്നത്. അവരാരും വരാൻ തയ്യാറായില്ല. രാത്രികളിൽ ദൈവസന്നിധിയിൽ നിരന്തരമായി കരഞ്ഞുനിലവിളിച്ചതുകൊണ്ട് ആ ബൈബിൾ ക്ലാസ്സിൽ പങ്കെടുക്കാൻ വേറെ ചിലയാളുകൾ വരുവാനിടയായി. എങ്കിലും പിന്മാറിപ്പോയവർ തിരിച്ചുവന്നില്ല. “നിങ്ങളുടെ കൂടെ കൂടിയാൽ ഇതല്ലേ അനുഭവം?” എന്ന ചോദ്യമാണ് അവർക്കെല്ലാം ചോദിക്കാനുണ്ടായിരുന്നത്.

ദൈവവേലയെ വലിയ തോതിൽ ദോഷകരമായി ബാധിക്കാൻ ഈ സംഭവം കാരണമായി. ശത്രുവായ പിശാച് അത്രയും ശക്തമായി പോരാടുന്നവനാണ് എന്ന് എനിക്ക് മനസ്സിലായി. കുറച്ചുകൂടി ആഴത്തിൽ ദൈവസന്നിധിയിൽ കരയാൻ ആ ദിവസങ്ങളിൽ എനിക്കിടയായിത്തീർന്നു. പിന്നീടാണ് പലരും വിശ്വാസത്തിൽ വന്നത്.

**മോളമ്മ കൊലക്കേസ്**

**1986 നവംബർ 15-ാം തീയതിയാണ് ആ ദാരുണമായ സംഭവം ഉണ്ടായത്. ഒരു പാസ്റ്ററുടെ മകളും ഒരു പെന്തെക്കോസ്തുകാരന്റെ ഭാര്യയുമായിരുന്ന 24 വയസ്സ് മാത്രമുള്ള മോളമ്മ എന്ന യുവതി കൊല്ലപ്പെട്ടു. രോഗശാന്തിവരവും പ്രവചനവരവും ഒക്കെയുണ്ടെന്ന് അവകാശപ്പെട്ടുകൊണ്ട് പ്രാർത്ഥന നടത്തിയ ചിലരുടെ കൊടിയ മർദ്ദനമേറ്റാണ് ആ സഹോദരി കൊല്ലപ്പെട്ടത്. മണ്ണുത്തി, ചുവന്നമണ്ണ്, പീച്ചി തുടങ്ങിയ സ്ഥലങ്ങളിലും പരിസരപ്രദേശങ്ങളിലുമുള്ള ദൈവജനത്തിന്റെ സുവിശേഷവേലയെ ഈ സംഭവം പ്രതികൂലമായി ബാധിച്ചു. (എഡിറ്റർ)**

**പിന്നീട് സംഭവിച്ചത്**

**മോളമ്മ കൊലക്കേസിൽ ശിക്ഷിക്കപ്പെട്ട മുഖ്യപ്രതികളിൽ ഒരാൾ ഒരു പെന്തെക്കൊസ്തു സഹോദരിയായിരുന്നു. ശിക്ഷ കഴിഞ്ഞ് പുറത്തിറങ്ങിയ ആ സഹോദരി വിശ്വാസജീവിതത്തിലേക്ക് ഒരു തിരിച്ചുവരവ് നടത്തി. തൃശ്ശൂരിലെ ഒരു ബ്രദറൺസഭയിൽ ആ സഹോദരി കഴിഞ്ഞ കുറെ വർഷങ്ങളായി ആരാധിച്ചുവരുന്നുണ്ട്. കുപ്രസിദ്ധമായ കേസിൽ പെട്ട് ദൈവനാമത്തിന് അപമാനം വരുത്തിവച്ചുവെങ്കിലും, ദൈവിക കരുണയിൽ ആശ വച്ച് അവർ ദൈവസഭയിൽ തുടരുവാൻ ഇടയായി. ഇന്ന് അവരുടെ മകൻ വളരെ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്ന ഒരു ബ്രദറൺ സുവിശേഷകനാണ് എന്നാണ് അറിയാൻ കഴിഞ്ഞത്. (എഡിറ്റർ)**

ഇതോടുള്ള ബന്ധത്തിൽ മറ്റൊരു സംഭവം ചേർത്തുപറയാം. കർത്താവിനെ ഏറ്റുപറഞ്ഞ് തീരുമാനമെടുത്ത ആറു ചെറുപ്പക്കാരെ ഞാൻ അവിടെ അടുത്തുള്ള ഒരു സഭാകൂടിവരവിലേക്ക് പറഞ്ഞയച്ചു. എനിക്ക് അന്ന് അവിടെ സഭാകൂടിവരവില്ലാത്തതിനാലാണ് ഞാൻ അവരെ അടുത്തുള്ള സഭയിലേക്ക് അയച്ചത്. ആ ആറു പേരും അവിടെ സഭായോഗത്തിൽ സംബന്ധിച്ചു. പക്ഷേ ആരാധന കഴിഞ്ഞയുടനെ അവിടത്തെ സുവിശേഷകനും മൂപ്പനും തമ്മിൽ കടുത്ത വാക്കേറ്റമായി. കയ്യേറ്റം മാത്രം നടന്നില്ല. ഈ സംഭവം മൂലം ആ ചെറുപ്പക്കാർ പിന്മാറിപ്പോയി.

അടുത്ത ബുധനാഴ്ച ഞാൻ അവിടെ പ്രാർത്ഥനയ്ക്കു ചെന്നപ്പോൾ അവർ പറഞ്ഞു, “സാർ, ഞങ്ങൾക്ക് മതിയായി. ഇനി നിങ്ങളുടെ കൂടെ വരുന്നില്ല. ഞങ്ങളുടെ പള്ളിയിലെ അച്ചനെയൊന്നും ഞങ്ങൾ ഇങ്ങനെ പറയില്ല. അച്ചനും ഇങ്ങനെയൊന്നും ഞങ്ങളോടും പറയില്ല. അച്ചൻ ഞങ്ങളെ വഴക്കു പറഞ്ഞാലും ഞങ്ങളാരും തിരിച്ചൊന്നും പറയുകയുമില്ല.” ഒരു വേർപെട്ട സഭയിലേക്ക് ചെന്നപ്പോൾ ഉണ്ടായ കാര്യമാണ് ഇത്. അന്ന് എനിക്ക് എളനാട് സഭയുണ്ട്. പക്ഷേ എളനാട്ടിലേക്ക് അവരെ കൊണ്ടുപോകാൻ വാഹനസൗകര്യമില്ലാത്തതുകൊണ്ടാണ് അവരെ അടുത്തുള്ള സഭാകൂടിവരവിലേക്ക് ഞാൻ പറഞ്ഞുവിട്ടത്.

ആ ചെറുപ്പക്കാർ വീട്ടുകാർ അറിയാതെയാണ് സഭായോഗത്തിന് അന്ന് പോയത്. രാവിലെ പള്ളിയിൽ പോയതിനുശേഷമാണ് അവർ വേർപെട്ട ദൈവജനത്തിന്റെ ആരാധനായോഗത്തിന് പോയത്. അന്നത്തെ ആ ചെറുപ്പക്കാരിൽ രണ്ടു പേരൊഴികെ ബാക്കി നാലു പേരും എന്നേക്കും പിന്മാറിപ്പോയി. സുവിശേഷവേലയിലെ നഷ്ടങ്ങളാണ് ഇതെല്ലാം. സഭകളിൽ നടക്കുന്ന ക്രമക്കേടുകളെല്ലാം പുതിയ വിശ്വാസികളെ എത്രത്തോളം തളർത്തിക്കളയും എന്ന് ഇതിൽനിന്നും മനസ്സിലാക്കാം. നേതൃത്വത്തിലുള്ളവരുടെ മാതൃകയില്ലായ്മ മൂലം ഉണ്ടായ രണ്ട് ദുരനുഭവങ്ങളാണ് എന്റെ ജീവിതത്തിൽ നിന്ന് ഞാൻ പറഞ്ഞത്.

ഇന്നും അവരെ കണ്ട് സംസാരിച്ചാൽ അവർ പറയുന്നത്, “ഞങ്ങൾ അന്ന് സാറിന്റെ വാക്ക് കേട്ട് വന്നതല്ലേ? എന്നിട്ട് ഞങ്ങൾക്കുണ്ടായ അനുഭവം ഇതല്ലേ?” എന്നാണ്. ആ ആറു പേരിൽ രണ്ടു പേർ മാത്രമേ ഇന്ന് വിശ്വാസത്തിലുള്ളൂ. അതിലൊരാൾ വേണ്ടത്ര ശോഭിച്ചുമില്ല എന്നത് മറ്റൊരു ദുഃഖകരമായ കാര്യമാണ്.

ദൈവജനം മാതൃകയില്ലാതെ ജീവിച്ചാൽ, സഭയിൽ മാതൃകയില്ലാതിരുന്നാൽ വേലയ്ക്കും വേലക്കാർക്കും അനുഭവപ്പെടുന്ന പ്രയാസത്തെക്കുറിച്ച് ഓർമ്മിപ്പിക്കാനാണ് ഞാനിതെല്ലാം ഇവിടെ പറയുന്നത്. എഴുപത്തിയഞ്ചിൽ

പരം ആളുകൾ പിന്മാറിപ്പോയപ്പോൾ ഞാനെഴുതിയ *പ്രാണപ്രിയാ എന്നു വരും* എന്ന ഗാനത്തിൽ ഞാൻ ഇപ്രകാരം കുറിച്ചു:

*കണ്ണുനീരിൽ കുതിർക്കുന്ന വിത്തെറിഞ്ഞെങ്ങോളം നാഥാ!*
*നന്മണികൾ കാണ്മതിന്നായ് പിന്മഴ തന്നീടണേ*

പിന്നീട് പലരും വിശ്വാസത്തിൽ വന്നു. 40 വിശ്വാസികളുമായി 1990 ൽ അവിടെ കൂടിവരവ് തുടങ്ങി. ഇന്ന് 33 കുടുംബങ്ങൾ അവിടെയുണ്ട്. ആ ദൈവസഭ സന്തോഷമായി മുന്നോട്ടു പോകുന്നു. അതിൽ ഞാൻ നിഗളിക്കുന്നില്ല. ഈ രാത്രിയും കരഞ്ഞുകൊണ്ട് പ്രാർത്ഥിച്ചതിനുശേഷമാണ് ഈ അനുഭവങ്ങളെല്ലാം ഞാൻ പങ്കുവയ്ക്കുന്നത്. ഇതു വായിക്കുന്ന ദൈവജനം പ്രത്യേകം ചില കാര്യങ്ങൾ ഓർക്കണം. സഭയിൽ പുതിയൊരാൾ വന്നാൽ അയാളോട് എങ്ങനെ പെരുമാറണം, അയാളെ എങ്ങനെ കരുതണം, എത്ര ബഹുമാനിക്കണം, എത്ര മാതൃക കാണിക്കണം... എങ്കിൽ മാത്രമേ അവർ വിശ്വാസത്തിൽ ഉറയ്ക്കുകയുള്ളൂ.

പൗലൊസും സില്വാനൊസും, തിമൊഥെയൊസും തെസലോനിക്യസഭയ്ക്ക് ഇപ്രകാരം എഴുതി: "ബഹുകഷ്ടം സഹിക്കേണ്ടിവന്നിട്ടും നിങ്ങൾ പരിശുദ്ധാത്മാവിന്റെ സന്തോഷത്തോടെ വചനം കൈക്കൊണ്ടു ഞങ്ങൾക്കും കർത്താവിനും അനുകാരികളായിത്തീർന്നു" (1 തെസ്സ.1:6). അവരുടെ ഇടയിൽ പൗലൊസും കൂട്ടരും എങ്ങനെയാണ് പെരുമാറിയതെന്ന് 2:10 ൽ രേഖപ്പെടുത്തിയിരിക്കുന്നത് നോക്കുക: "വിശ്വസിക്കുന്ന നിങ്ങളുടെ ഇടയിൽ ഞങ്ങൾ എത്ര പവിത്രമായും നീതിയായും അനിന്ദ്യമായും നടന്നു എന്നതിനു നിങ്ങളും ദൈവവും സാക്ഷി" ദൈവം മാത്രമല്ല സാക്ഷി, നിങ്ങളും സാക്ഷിയാണ് എന്ന് അവർക്ക് ധൈര്യപൂർവ്വം എഴുതാൻ കഴിഞ്ഞു.

മാതൃകാപരമായ ക്രിസ്തീയജീവിതം നയിച്ചാൽ മാത്രമേ പരിശുദ്ധാത്മാവിന് നമ്മെ നമ്മുടെ വേലയിൽ സഹായിക്കാൻ കഴിയുകയുള്ളൂ. നാം മാതൃക കാണിച്ചില്ലെങ്കിൽ, നമ്മിൽ ക്രമക്കേടുകൾ കണ്ടാൽ ആരും നമ്മുടെ കൂടിവരവുകളിലേക്ക് വരികയില്ല; വന്നവർ തന്നെ അകന്നുപോകും. എന്റെ ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിൽ എനിക്കുണ്ടായ രണ്ടു തിക്താനുഭവങ്ങൾ ഇവിടെ പങ്ക് വച്ചത് ഇക്കാര്യം ദൈവജനത്തെ ഒന്ന് ഓർമ്മിപ്പിക്കാൻ വേണ്ടിയാണ്. ഇക്കാര്യങ്ങളെല്ലാം വേദനാജനകമാണെങ്കിലും ദൈവം തന്റെ വേല നിവർത്തിക്കും. ദൈവത്തിനുള്ളവരെ വേർതിരിക്കും.

നമ്മെ കുറ്റം ചുമത്തുവാൻ ഇടവരരുത്; അതിനായി നാം കരുതിക്കൊള്ളണം. ദൈവം പ്രിയ വായനക്കാരെ സഹായിക്കട്ടെ.

**(തുടരും)**

# യോനാ
## (പുസ്തകപഠനം)

1

**-എംവിഎസ്-**

പഴയ നിയമത്തിലെ അവസാനത്തെ 12 പുസ്തകങ്ങളുടെ രചയിതാക്കളെ 'ചെറിയ പ്രവാചകന്മാർ' എന്നാണ് പലരും വിശേഷിപ്പിക്കുന്നത്. ഇവയിൽ **മീഖാ, ഓബദ്യാവ്, യോവേൽ, ഹബക്കൂക്** എന്നീ പുസ്തകപഠനങ്ങൾക്കു ശേഷം നമ്മുടെ മാസികയിൽ ഈ ലക്കം മുതൽ പുതിയതായി ആരംഭിക്കുന്നു - യോനാ (പുസ്തകപഠനം)

### യോനയോട് മൂന്ന് ചോദ്യങ്ങൾ

അമിത്ഥായിയുടെ മകനായ യോനയോട് മൂന്നു ചോദ്യങ്ങൾ ചോദിച്ചുകൊണ്ട് നമുക്ക് ഈ പുസ്തകപഠനം ആരംഭിക്കാം. നാം ചോദിക്കാൻ പോകുന്ന മൂന്നു ചോദ്യങ്ങൾക്കും യോനയ്ക്കു പറയാനുള്ള മറുപടി എന്തെന്നു നമുക്കു കേൾക്കാം. യോനായുടെ പുസ്തകത്തിൽ ആകെ നാലു അദ്ധ്യായങ്ങളാണല്ലോ ഉള്ളത്. യോനയോടു നാം ചോദിക്കുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ ഈ നാല് അദ്ധ്യായങ്ങളിൽനിന്നു നാം കണ്ടെത്തണം. അതിനുശേഷം അതേ ചോദ്യങ്ങൾ നമുക്കു നമ്മോടു തന്നെ ചോദിക്കാം. എന്തു മറുപടിയാണ് നമുക്കു പറയാനുണ്ടായിരിക്കുക എന്നു ചിന്തിക്കുകയുമാവാം.

**ചോദ്യം ഒന്ന്: "യോനേ, നീ എവിടെ?"**

"യോനേ, നീ എവിടെ?" എന്ന ചോദ്യത്തിനു നാലു അദ്ധ്യായങ്ങളിൽ നിന്നും നാലു മറുപടികളാണ് നമുക്കു ലഭിക്കുന്നത്. ഒന്നാം അദ്ധ്യായത്തിൽ യോനാ കപ്പലിന്റെ അടിത്തട്ടിൽ ആണ് (യോനാ 1:5). രണ്ടാം അദ്ധ്യായം പരിശോധിക്കുമ്പോൾ, യോനാ മത്സ്യത്തിന്റെ വയറ്റിൽ ആണ് (2:1). മൂന്നാം അദ്ധ്യായത്തിലാകട്ടെ, യോനാ മഹാനഗരമായ നീനെവേയിൽ ആണ് (3:2). നാലാം അദ്ധ്യായത്തിൽ നാം യോനായെ കാണുന്നത് കുടിലിന്റെ തണലിൽ ആണ് (4:5). ഇങ്ങനെ ഓരോ അദ്ധ്യായത്തിലും ഓരോ സ്ഥലത്താണ് നാം യോനായെ കണ്ടെത്തുന്നത്. ഇതിൽ മഹാനഗരമായ നീനെവേയിൽ യോനാ എത്തിയത് മാത്രമാണ് ദൈവഹിതപ്രകാരമുള്ള കാര്യം. ബാക്കി മൂന്നിടത്തും യോനാ ചെന്നത് തന്നിഷ്ടപ്രകാരമോ അല്ലെങ്കിൽ അതിനുള്ള ശിക്ഷയുടെ ഭാഗമായോ ആണ്.

തന്നിഷ്ടപ്രകാരം കപ്പലിന്റെ അടിത്തട്ടിലേക്ക് പോയവനെ ദൈവം ഒന്നുകൂടി താഴ്ത്തി മത്സ്യത്തിന്റെ വയറ്റിലെത്തിച്ച കാഴ്ചയാണ് നാം യോനായുടെ പുസ്തകം വായിക്കുമ്പോൾ കാണുന്നത്. ദൈവത്തെ ഉപേക്ഷിച്ച് നാം താഴേയ്ക്ക് സഞ്ചരിക്കാൻ തുടങ്ങിയാൽ, നാം വിചാരിച്ചതിനേക്കാളും ആഴത്തിലേക്ക് ദൈവം നമ്മെ താഴ്ത്തിയെന്നു വരാം. ദൈവത്തോടു അനുസരണക്കേടു കാണിച്ച് കപ്പലിന്റെ അടിത്തട്ടിലേക്കു ഇറങ്ങുന്നവന്റെ ഗ്രാഫ് താഴേക്കാണ്.

യോനായുടെ അനുഭവം നോക്കിയാൽ, കപ്പലിൽനിന്നും കടലിലേക്കും, പിന്നെ മത്സ്യത്തിന്റെ വയറ്റിലേക്കും അവൻ എത്തിച്ചേർന്നു. അതുകൊണ്ട് ദൈവത്തിൽനിന്ന് അകന്നുള്ള, കപ്പലിന്റെ അടിത്തട്ടിലെ സുഖനിദ്ര നാം ആഗ്രഹിക്കരുത്. പകരം ദൈവസാന്നിധ്യം കൊതിച്ച് നാം ഉയരത്തിലുള്ളത് അന്വേഷിക്കണം (കൊലൊസ്യർ 3:1). ദൈവത്തെ വിട്ട്, കപ്പലിന്റെ അടിത്തട്ടിലേക്ക് ഇറങ്ങിയവനെ അവിടെനിന്നും കടലിന്റെ അടിത്തട്ടിലേക്ക് എത്തിക്കുവാൻ ദൈവത്തിനു കഴിയും. ഇങ്ങനെ അധോഗതി പ്രാപിക്കേണ്ടവരല്ല ദൈവജനം.

സഭായോഗങ്ങളിൽ ചിലർ 'കപ്പലിന്റെ അടിത്തട്ടിൽ ഇറങ്ങി കിടന്നു നല്ല വണ്ണം ഉറങ്ങുന്നവർ' (യോനാ 1:5) ഉണ്ട്. അവിടെ നടക്കുന്ന പാട്ടോ, പ്രാർത്ഥനയോ, വചനധ്യാനമോ ഒന്നും അവർ അറിയുന്നില്ല. എനിക്കിതൊന്നും ബാധകമല്ല എന്ന രീതിയിൽ ഒറ്റയൊരു ഉറക്കം! മൊബൈലിൽ വീഡിയോകൾ കാണുമ്പോൾ ഉറക്കം വരാത്തവൻ, പക്ഷേ സഭായോഗത്തിൽ ഇരുന്ന്, തൂങ്ങി, ഉറങ്ങുന്നു. സഭായോഗത്തിൽ ഉറങ്ങുന്നവനേ, നിന്റെ അനുഗ്രഹത്തിന്റെ ഗ്രാഫ് താഴോട്ടായിരിക്കുമെന്നു മറക്കാതിരിക്കുക. സഭായോഗങ്ങളിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുന്നതിനു പകരം, സഭായോഗങ്ങളിൽ നിരുത്തരവാദപരമായി പെരുമാറി ദൈവത്തിന്റെ അനിഷ്ടം സമ്പാദിക്കാൻ ആരും ശ്രമിക്കരുതേ.

"നീ എവിടെ?" എന്ന ചോദ്യം ദൈവം നമ്മോടു ചോദിച്ചാൽ, നമ്മുടെ മറുപടി എന്തായിരിക്കും? നാം എവിടെ ആയിരിക്കണം എന്നു ദൈവം ആഗ്രഹിക്കുന്നുവോ, അവിടെയാണോ നാം വാസ്തവത്തിൽ ഇപ്പോൾ ആയിരിക്കുന്നത്? ചിന്തിച്ചുറപ്പു വരുത്തുക. ഏലിയാവ് ഒരു ഗുഹയിൽ രാപാർത്തപ്പോൾ, ദൈവം അവനോടു ചോദിച്ചത് ഇതാണ്: ഏലിയാവേ, ഇവിടെ നിനക്കു എന്തു കാര്യം? (1 രാജാക്കന്മാർ 19:9). അവൻ അവിടെ കാണപ്പെടേണ്ടവനല്ല എന്നർത്ഥം. ഏലിയാവ് കെരീത്ത് തോട്ടിന്നരികെ ആയിരുന്നപ്പോഴോ, സാരെഫാത്തിലെ വിധവയുടെ അടുക്കൽ ആയിരുന്നപ്പോഴോ, കർമ്മേൽ പർവ്വതത്തിൽ ആയിരുന്നപ്പോഴോ ദൈവം ഈ ചോദ്യം ഏലിയാവിനോടു ചോദിച്ചില്ലെന്നു നാം ഓർക്കണം. ദൈവം ആഗ്രഹിക്കാത്തിടത്ത്

ഏലിയാവ് രാപാർത്തപ്പോഴാണ് ദൈവം ഈ ചോദ്യം ചോദിച്ചത്. നാം എവിടെയാണെന്നു ദൈവം എപ്പോഴും അന്വേഷിക്കുന്നുണ്ട്. നീ എവിടെ എന്ന ദൈവത്തിന്റെ ചോദ്യത്തിന്, ദൈവം ഇഷ്ടപ്പെടുന്ന മറുപടി കൊടുക്കാൻ നമുക്കു കഴിയണം.

ഏദെൻ തോട്ടത്തിൽ, ദൈവം ആദാമിനോടു ചോദിച്ചു: "നീ എവിടെ?" (ഉല്പത്തി 3:9). ഹാഗാരിനോടു ദൈവം ചോദിച്ചു: "ഹാഗരേ, നീ എങ്ങോട്ടു പോകുന്നു?" (ഉല്പത്തി 16:8). സൗഖ്യം വന്ന കുഷ്ഠരോഗിയോടു കർത്താവ് ചോദിച്ചു: "ബാക്കി 9 പേർ എവിടെ?" (ലൂക്കൊസ് 17:17). ദൈവത്തിന്റെ കണ്ണ് എല്ലാം കാണുന്നു. നമ്മെ എല്ലാവരെയും അവിടുന്ന് ശ്രദ്ധിക്കുന്നു. അതുകൊണ്ട് ഈ ചോദ്യം നമ്മുടെ ഹൃത്തടത്തിൽ എന്നും മുഴങ്ങട്ടെ: "നീ എവിടെ?"

കാൽവരിയിലെ ക്രൂശിൽ കിടന്ന് കർത്താവ് ഈ ചോദ്യം പലരോടും നിശബ്ദമായി ചോദിച്ചു എന്നു നമുക്കു ചിന്തിക്കാം. "വല്ലവനും സഹതാപം തോന്നുമോ എന്നു ഞാൻ നോക്കിക്കൊണ്ടിരുന്നു; ആർക്കും തോന്നിയില്ല..." (സങ്കീ.69:20) എന്ന വാക്യം ഇതാണ് തെളിയിക്കുന്നത്. തന്നിൽനിന്നും അനുഗ്രഹം പ്രാപിച്ചവരൊക്കെയും എവിടെയെന്നും തനിക്ക് ഹോശന്നാ പാടിയവർ എവിടെയെന്നുമുള്ള കർത്താവിന്റെ അന്വേഷണമായി ആ വാക്യത്തെ നമുക്കു വ്യാഖ്യാനിക്കാവുന്നതാണ്. അപ്പം തിന്ന് തൃപ്തരായ വർ, അത്ഭുതരോഗസൗഖ്യം പ്രാപിച്ചവർ, തന്നെ പിടിച്ച് രാജാവാക്കാൻ നോക്കിയവർ... ഇവരാരും അവിടെ ഉണ്ടായിരുന്നില്ല. അവരോരുത്തരോടും കർത്താവ് നിശബ്ദമായി ചോദിക്കുന്നു: "നീ എവിടെ?"

സ്നേഹവാനായ ദൈവം "നീ എവിടെ?" എന്നും ചോദിച്ച് നമ്മെ അന്വേ ഷിക്കുമ്പോൾ, ഞാൻ കപ്പലിന്റെ അടിത്തട്ടിൽ ഉറങ്ങുകയാണ് എന്ന യോനയുടെ അനുസരണക്കേടിന്റെ മറുപടിയോ, ഞാൻ കുടിലിൽ ആണ് എന്ന യോനയുടെത്തന്നെ അസംതൃപ്തിയുടെ മറുപടിയോ, ഞാൻ ഗുഹ യിൽ ആണ് എന്ന ഏലിയാവിന്റെ ഭീരുത്വത്തിന്റെ മറുപടിയോ, ഞാൻ ഒളി ച്ചിരിക്കയാണ് എന്ന ആദാമിന്റെ ഭയം നിറഞ്ഞ മറുപടിയോ പറയുവാൻ നമുക്കു ഇടയാകാതിരിക്കട്ടെ.

ദൈവം തന്റെ മക്കളിൽനിന്നും അനുസരണവും സ്നേഹവും പ്രതീക്ഷി ക്കുന്നുണ്ട്. നമുക്ക് ആയുസ്സും ആരോഗ്യവും നൽകി നമ്മെ പരിപാലിക്കു കയും, നാം ചെന്നു ചാടുന്ന പ്രശ്നങ്ങളിൽനിന്നു നമ്മെ രക്ഷിക്കുകയും, നമ്മെ തിരുമുമ്പിൽ ശുശ്രൂഷിക്കാൻ പ്രാപ്തരാക്കുകയും ചെയ്യുന്ന നമ്മുടെ ദൈവത്തിന്റെ ഹിതപ്രകാരമുള്ള സ്ഥലങ്ങളിൽ മാത്രം നാം കാണപ്പെടണം. ഇക്കാര്യം നമുക്ക് പ്രത്യേകം ശ്രദ്ധിക്കാം.

**(തുടരും)**

# 38 ചോദ്യവും ഉത്തരവും

**-എംവിഎസ്-**

? *2 ശമൂവേൽ 18:8 ൽ "അന്ന് വാളിനിരയായതിലും അധികം പേർ വനത്തിനിരയായിത്തീർന്നു" എന്നു കാണുന്നു. എന്താണിതിന്റെ അർത്ഥം?*

**മറുപടി:**

"...the forest devoured more people that day than the sword devoured" (MKJV, ASV) "വാൾ വിഴുങ്ങിയതിനേക്കാളധികം ആളുകളെ അന്ന് കാട് വിഴുങ്ങി"

എഫ്രയീംവനത്തിൽ വച്ച് സംഭവിച്ച കാര്യമാണ് ഇവിടെ പറഞ്ഞിരിക്കുന്നത് (2 ശമുവേൽ 18:6). ദാവീദിന്റെ ചേവകരും അബ്ശാലോമിന്റെ ചേവകരും തമ്മിൽ നടന്ന യുദ്ധമാണ് ഇവിടത്തെ സന്ദർഭം. അബ്ശാലോമിന്റെ ചേവകരിൽ ഇരുപതിനായിരം പേർ അന്ന് കൊല്ലപ്പെട്ടു (18:7). വാളാൽ കൊല്ലപ്പെട്ടവരുടെ എണ്ണമാണത്. "ദാവീദിന്റെ ചേവകരോട് തോറ്റു" എന്ന് അവിടെ രേഖപ്പെടുത്തിയിട്ടുണ്ട്.

വാളിനാൽ കൊല്ലപ്പെട്ട ആ ഇരുപതിനായിരത്തേക്കാളധികം ആളുകൾ വനത്താൽ കൊല്ലപ്പെട്ടു എന്നാണ് തുടർന്ന് രേഖപ്പെടുത്തിയിരിക്കുന്നത്. അതായത് എഫ്രയീംവനത്തിലെ ദുർഘടം പിടിച്ച സാഹചര്യങ്ങളിൽ നിരവധി ചേവകർ (ഇരുപതിനായിരത്തിലധികം പേർ = വാളാൽ കൊല്ലപ്പെട്ടവരേക്കാളധികം) കുടുങ്ങുകയും മരിക്കുകയും ചെയ്തു. കൊമ്പ് തിങ്ങി നിൽക്കുന്ന വലിയ കരുവേലകങ്ങളും (18:9), വലിയ കുഴികളും (18:17) ഉള്ള കാടായിരുന്നു അത്.

യുദ്ധം നിമിത്തമുള്ള സംഘർഷത്തിൽ അങ്ങോട്ടുമിങ്ങോട്ടും ഓടിയവർ കുഴികളിൽ വീണു മരിച്ചിരിക്കാം; മരങ്ങളിൽ തട്ടിയോ ഇടിച്ചോ വീണ് മുറിവേറ്റ് കിടന്ന് ചോര വാർന്ന് മരിച്ചിരിക്കാം; കാട്ടുമൃഗങ്ങളുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടിരിക്കാം; പാറക്കെട്ടുകളിൽ നിന്ന് താഴെ വീണ് മരിച്ചിരിക്കാം. ഇങ്ങനെ കാട്ടിലെ ബുദ്ധിമുട്ടേറിയ സാഹചര്യങ്ങളിൽ പെട്ട് ജീവഹാനി സംഭവിച്ചവരെ കാട് വിഴുങ്ങി (വനത്തിനിരയായി) എന്ന് ഇവിടെ രേഖപ്പെടുത്തിയിരിക്കുകയാണ്. വാളുകൊണ്ട് കൊല്ലപ്പെട്ടവരേക്കാളധികം ആളുകൾ കാടിനാൽ കൊല്ലപ്പെട്ടു എന്നു സാരം.

# ഒരേയൊരു ലോട്ടറി ടിക്കറ്റ്!

**1993**

ജീവിതം അന്നൊക്കെ വല്ലാത്ത ദുരിതമായിരുന്നു എന്നു പറയുന്നതാണ് വാസ്തവം. ആറ് വർഷങ്ങളായി ഞാൻ സഭായോഗങ്ങളിൽ സംബന്ധിക്കുന്നുണ്ടായിരുന്നു.

കത്തോലിക്കാസഭയിൽനിന്നും ഞാൻ മാറിപ്പോയത് കാശിനുവേണ്ടിയാണ് എന്നൊരു പ്രചാരണം അക്കാലത്ത് നാട്ടിലുണ്ടായിരുന്നു. പരിചയമുള്ളവരിലും ബന്ധുക്കളിലും ചിലരാണ് അത് പറഞ്ഞുപരത്തിയത്.

ഞാൻ അക്കാലത്ത് ഓലക്കുടിലിൽ കഴിഞ്ഞിരുന്നതുകൊണ്ട്, അമേരിക്കയിൽനിന്നു വരുന്ന പണത്തിനുവേണ്ടിയാണ് സഭ മാറിയത് എന്ന പ്രചാരണം ആളുകൾ പെട്ടെന്നു വിശ്വസിക്കുകയും ചെയ്തു.

ഏതായാലും, ഞാൻ കർത്താവിനെ സ്വന്തരക്ഷിതാവായി സ്വീകരിക്കുകയും സ്നാനപ്പെടുകയും ചെയ്തിട്ടും വർഷങ്ങളോളം എന്റെ കഷ്ടപ്പാടിന് കുറവുണ്ടായിരുന്നില്ല. എനിക്കതിൽ പരാതിയും ഉണ്ടായിരുന്നില്ല.

എങ്കിലും സാമ്പത്തികപ്രയാസങ്ങൾ മനസ്സിനെ വല്ലാതെ ഉലച്ച സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്. അങ്ങനെയുള്ളൊരു സന്ദർഭമാണ് ഞാൻ ഇവിടെ ഓർത്തെഴുതുന്നത്.

കൊടുങ്ങല്ലൂരിൽ ഒരു പ്രാർത്ഥനായോഗത്തിൽ പങ്കെടുത്ത് ഞാൻ തിരിച്ചു തൃശ്ശൂരിലേക്ക് വരാനായി ബസ്സിൽ കയറിയിരുന്നു. ബസ് കൊടുങ്ങല്ലൂർ സ്റ്റാൻഡിൽ നിറുത്തിയിട്ടിരിക്കയാണ്.

അപ്പോഴാണ്, "നാളത്തെ ലോട്ടറി, നാളത്തെ ലോട്ടറി, നാളെ, നാളെ, വെറും ഇരുപത്തിയഞ്ചു രൂപ മാത്രം" എന്നൊക്കെ വിളിച്ചുപറഞ്ഞ് ഒരാൾ ലോട്ടറി വിൽക്കാനായി ബസിനുള്ളിലേക്ക് വന്നത്.

ഒരു പ്രലോഭനം... ഒരു പക്ഷേ ഈ ലോട്ടറിയിലൂടെ എന്നെ ദൈവം അനുഗ്രഹിച്ചാലോ? ഒരു ടിക്കറ്റ് എടുത്തുനോക്കിയാലോ? നിലവിൽ എനിക്കുള്ള സാമ്പത്തികപരാധീനത മാറാൻ മറ്റു വഴിയൊന്നും കാണുന്നില്ല. ഇതൊരു ദൈവികചിന്തയാകുമോ?

ഗതികേടിന്റെ നാളുകളിൽ ലോട്ടറിയുടെ രൂപത്തിൽ ദൈവം അനുഗ്രഹിച്ചാലോ എന്ന ചിന്ത വല്ലാതെ മനസ്സിനെ ഭരിച്ച നിമിഷങ്ങൾ... കൈവശം 25 രൂപ അന്നേരം ഉണ്ടായിരുന്നില്ലെങ്കിൽ ഈ ചിന്ത എന്നെ ഭരിക്കില്ലായിരുന്നു.

എല്ലാം ദൈവികപദ്ധതിയായിരിക്കും എന്ന് ചിന്തിച്ച് ഞാനൊരു ലോട്ടറി ടിക്കറ്റ് വാങ്ങി. ആദ്യമായി ഞാൻ വാങ്ങിയ ലോട്ടറിടിക്കറ്റായിരുന്നു അത് (അവസാനമായും).

ഏതായാലും ആ ലോട്ടറിയുടെ ഫലം വന്നപ്പോൾ എന്റെ നമ്പറിന് സമ്മാനം ഇല്ലായിരുന്നു. നിരവധി കൊച്ചു സമ്മാനത്തുക ഉണ്ടായിരുന്നുവെങ്കിലും അതിൽ ഒരെണ്ണം പോലും എനിക്ക് കിട്ടിയില്ല. ചുരുക്കിപ്പറഞ്ഞാൽ എന്റെ ഇരുപത്തിയഞ്ചു രൂപ സ്വാഹ!

*ലോട്ടറി എടുക്കുന്നത് തെറ്റോ ശരിയോ എന്നതല്ല ഇവിടെ ഞാൻ ചർച്ച ചെയ്യാൻ ആഗ്രഹിക്കുന്നത്. ഏതെങ്കിലും നിലയിലുള്ള സമ്മാന കൂപ്പണുകൾ വാങ്ങുന്നവർക്ക് ലോട്ടറിയെ വിമർശിക്കാൻ അവകാശമില്ല. മാത്രമല്ല ഗവൺമെന്റിന്റെ അംഗീകാരത്തോടെ നടത്തുന്നതാണത്. ശാരീരികവെല്ലുവിളി നേരിടുന്ന നിരവധി പേരുടെ ഉപജീവനമാർഗ്ഗവും കൂടിയാണത്.*

*ലോട്ടറി എടുക്കുന്നതിന്റെ പിന്നിലെ മനോഭാവമാണ് ഇവിടെ നാം ശ്രദ്ധിക്കേണ്ടത്. പെട്ടെന്ന് പണക്കാരനാകാനുള്ള ആഗ്രഹത്തിന്റെ ഫലമായാണ് ആളുകൾ ലോട്ടറി എടുക്കുന്നത്. ആ ആഗ്രഹം ദൈവവചനപ്രകാരം തെറ്റാണ്. പെട്ടെന്ന് പണം സമ്പാദിക്കാനുള്ള കുറുക്കുമാർഗ്ഗമാണ് ലോട്ടറി എന്നതിനാൽ വിശ്വാസികൾ ആ മാർഗ്ഗം സ്വീകരിക്കാതിരിക്കുന്നതാണ് നല്ലത്.*

*ലോട്ടറി വിൽക്കുന്ന, ശാരീരികവെല്ലുവിളി അനുഭവിക്കുന്ന വ്യക്തിക്ക് ഒരു സഹായമാകട്ടെ എന്നു കരുതി ലോട്ടറി എടുക്കുന്നവരുണ്ട്. ആ മനോഭാവം തെറ്റല്ല. പക്ഷേ അത്തരം സന്ദർഭങ്ങളിൽ, അതായത്, ലോട്ടറി വിൽപ്പനക്കാരൻ "ഇതെടുത്താൽ എനിക്ക് ഒരു സഹായമാകും" എന്നു പറയുന്ന സന്ദർഭങ്ങളിൽ, ഞാൻ പറയാറുള്ളത്, "ഞാൻ ലോട്ടറി എടുക്കാറില്ല. നിങ്ങൾക്ക് അതിന്റെ കമ്മീഷനായി വരുന്ന തുക ഞാൻ തരാം. എനിക്ക് ലോട്ടറി വേണ്ട" എന്നാണ്.*

*ഇപ്രകാരം ഞാൻ ചിലരോട് സംസാരിച്ചിട്ടുണ്ട്. രണ്ടു മൂന്നു പേർ പൈസ വാങ്ങിയിട്ടുമുണ്ട്. അവർക്കും നിരവധി ജീവിതപ്രശ്നങ്ങൾ ഉണ്ടായിരിക്കുമല്ലോ.*

*ദൈവം നമ്മെ അനുഗ്രഹിക്കുന്നതിനുവേണ്ടി, ദൈവത്തിന് നാം ആലോചന പറഞ്ഞുകൊടുക്കേണ്ടതില്ല എന്നു ഞാൻ പഠിച്ചു. ലോട്ടറിയെടുത്തുകൊണ്ട്, എന്നെ അനുഗ്രഹിക്കാനായി, ഞാൻ ദൈവത്തെ സഹായിക്കുകയാണ് ചെയ്തത്! ലോട്ടറി എടുത്തതിലൂടെ എന്നെ സാമ്പത്തികമായ അനുഗ്രഹിക്കാൻ ദൈവത്തിന് എളുപ്പമാകും എന്ന് ചിന്തിച്ച ഞാൻ എത്രയോ വലിയ മണ്ടൻ എന്നു സ്വയം തിരിച്ചറിഞ്ഞു.*

*ദൈവമക്കൾക്ക് ലോട്ടറി എടുക്കാൻ പാടുണ്ടോ എന്നു ചിലർ ചോദിക്കാറുണ്ട്. നമ്മുടെ മനോഭാവം നാം തിരിച്ചറിഞ്ഞാൽ ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കാനാകും. പെട്ടെന്ന് പണം സമ്പാദിക്കാനുള്ള മനോഭാവം ദൈവമക്കൾക്കു ചേർന്നതല്ല. അവർ പല കുടുക്കുകളിൽ ചെന്നു ചാടി, പണനഷ്ടവും മാനനഷ്ടവും ആരോഗ്യനഷ്ടവും സമ്പാദിക്കുകയേയുള്ളൂ.*

*നമ്മെ പണക്കാരാക്കി മാറ്റാൻ ദൈവത്തെ ഒരു കൈ സഹായിക്കാനായിട്ടാണ് ഞാൻ ലോട്ടറിയെടുത്തത് എന്ന് നേരത്തെ പറഞ്ഞുവല്ലോ. ആ മനോഭാവവും തീർത്തും തെറ്റാണ്. നമ്മുടെ ആരുടെയും സഹായം ദൈവത്തിനു വേണ്ട. ദൈവത്തെ സഹായിക്കുക എന്ന ചിന്ത തന്നെ ദൈവത്തെ അവഹേളിക്കുന്നതാണ്.*

*ഗവൺമെന്റിനെ സാമ്പത്തികമായി സഹായിക്കാനുള്ള മനോഭാവത്തോടെ ദൈവജനം ലോട്ടറി എടുക്കേണ്ടതില്ല. അങ്ങനെയെങ്കിൽ നാം മദ്യപാനവും തുടങ്ങേണ്ടിവരും. കാലാകാലങ്ങളായി കേരളം നേരിടുന്ന ഒരു ആരോപണം ഉണ്ട്. അത് ഇതാണ്: മദ്യവും ലോട്ടറിയുമാണ് സംസ്ഥാനത്തിന്റെ പ്രധാന വരുമാനം.*

*ലോട്ടറിയെടുത്ത് സർക്കാരിനെ സഹായിക്കുക എന്ന മനോഭാവം നാം വച്ചുപുലർത്തിയാൽ നാം മദ്യവും കുടിച്ച് സർക്കാരിനെ സഹായിക്കേണ്ടിവരുമെന്ന് ഞാൻ പറഞ്ഞത് അതുകൊണ്ടാണ്. പിഴയാണ് നമ്മുടെ ഗവൺമെന്റിന്റെ മറ്റൊരു പ്രധാന വരുമാനം. അപ്പോൾ ഗവൺമെന്റിനെ സഹായിക്കാനായി നാം മനഃപൂർവ്വം നിയമലംഘനങ്ങൾ നടത്തണം എന്നു പറയാൻ സാധിക്കില്ലല്ലോ.*

*അതുകൊണ്ട് ഗവൺമെന്റിനെ സഹായിക്കാനായി ദൈവമക്കൾ ലോട്ടറിയെടുക്കേണ്ടതില്ല. കഴിഞ്ഞ കാലങ്ങളിൽ ഇവിടെ മാറി മാറി ഭരിച്ചവർ കാണിച്ച ധൂർത്തും പാഴ്ചിലവുകളും ഒഴിവാക്കിയിരുന്നെങ്കിൽ കേരളത്തിന്റെ സാമ്പത്തികനില എത്രയോ മെച്ചപ്പെട്ട നിലയിൽ കാണപ്പെടുമായിരുന്നു!*

ആ ലോട്ടറിയിലൂടെ എന്റെ സാമ്പത്തികനില മെച്ചപ്പെടുത്താൻ ദൈവം തയ്യാറായില്ല എന്നതോർത്ത് ഞാൻ ദൈവത്തിന് സ്തോത്രം ചെയ്യുന്നു. അല്ലാതെ തന്നെ ദൈവം എന്റെ നില മെച്ചപ്പെടുത്തി.

കുറച്ചു വർഷങ്ങൾക്കുശേഷം ഞാൻ ഒരു ട്യൂഷൻസെന്റർ തുടങ്ങുകയും അതിലൂടെ എന്റെ ആവശ്യങ്ങൾക്കു മതിയായ വരുമാനം ദൈവം തരുകയും ചെയ്തു. ലോട്ടറിയെടുത്തുകൊണ്ട് ചുളിവിൽ സമ്പത്ത് നേടാനുള്ള എന്റെ ദുരാഗ്രഹത്തെ ദൈവം തല്ലിക്കെടുത്തുകയും, കഠിനാദ്ധ്വാനത്തിലൂടെ വരുമാനം കണ്ടെത്താൻ എന്റെ മുന്നിൽ ഒരു വഴി തുറക്കുകയും ചെയ്തു.

വലിയ ആർഭാടമില്ലാതെയുള്ള ജീവിതം പരിചയിച്ചിട്ടുള്ളതുകൊണ്ട്, എനിക്കു ലഭിക്കുന്ന വരുമാനം ആവശ്യങ്ങൾക്ക് മതിയായതാണ്. തെറ്റായ ചിന്താഗതികളെ ദൈവം തുടക്കത്തിൽ തന്നെ തിരുത്തിയതുകൊണ്ട്, പിന്നീടൊരിക്കലും ഞാൻ ആ വഴിയെക്കുറിച്ച് ചിന്തിച്ചില്ല

# തട്ടും തലോടലും

-എംവിഎസ്-

4

**2023 ഏപ്രിൽ 9 ന് പ്രധാനമന്ത്രിയും സംഘവും കടുവ സെൻസസ് പ്രഖ്യാപനത്തിന് കർണ്ണാടകയിൽ എത്തി. ഇതിനുവേണ്ടി വന്ന മൊത്തം ചെലവ് 6.33 കോടി രൂപ. അന്ന് ഹോട്ടലിൽ താമസിച്ചതിന്റെ ബില്ലായ 80.6 ലക്ഷം രൂപ ഹോട്ടലുകാർക്ക് വർഷമൊന്നു കഴിഞ്ഞിട്ടും കിട്ടിയില്ല. 18 % പലിശ ചേർത്ത് 92.69 ലക്ഷം രൂപ അടച്ചില്ലെങ്കിൽ നിയമനടപടി സ്വീകരിക്കുമെന്നാണ് ഹോട്ടൽ അധികൃതർ പറയുന്നത്. (26/05/2024 ലെ പത്രവാർത്ത)**

കടുവ സെൻസസ് പ്രഖ്യാപനത്തിനുവേണ്ടി ഇത്രയും ത്യാഗം സഹിച്ച മോദിജിയെ അഭിനന്ദിക്കുന്നു. ഹോട്ടലിൽ അടിപൊളിയായി താമസിച്ചതിന്റെ പണം പോലും കൊടുക്കാൻ കഴിയാത്ത സാഹചര്യത്തിലും ഈ 'പ്രഖ്യാപന'ത്തിനുവേണ്ടി ബുദ്ധിമുട്ടി കർണ്ണാടക വരെ വരുവാൻ കാണിച്ച ആ നല്ല മനസ്സുണ്ടല്ലോ, അതാണ് നാം കാണേണ്ടത്.

oooooooooooooooooo

**പോലീസിന്റെ 'എടാ പോടാ നീ' വിളികൾ അവസാനിപ്പിക്കണമെന്ന് കോടതി നിർദ്ദേശിച്ചതോടെ, ഇക്കാര്യത്തിൽ ഡിജിപി പുതിയ സർക്കുലറും ഇറക്കി (24/05/2024 ലെ പത്രവാർത്ത)**

അപ്പോൾ ഇനി പോലീസ് നമ്മെ 'എടാ പോടാ നീ' എന്നിങ്ങനെ വിളിക്കില്ല. ഈ മൂന്നു വാക്കുകൾക്കു പകരം മറ്റു വാക്കുകൾ അവർ ഉപയോഗിക്കുമെന്ന് ഈ പാവം ഭയപ്പെടുന്നു. അതുകൊണ്ട് പോലീസ് ഒഴിവാക്കേണ്ട എല്ലാ പദങ്ങളും ചേർത്ത് ഒരു സർക്കുലർ ഇറക്കുകയായിരിക്കും നല്ലത്. പോലീസ്സ്റ്റേഷനിൽ വന്നവരോട് വളരെ മോശം പദമുപയോഗിച്ച് നമ്മുടെ ഏമാന്മാർ കലിതുള്ളുന്നതിന്റെ പല വീഡിയോകളും സമൂഹമാധ്യമങ്ങളിൽ പ്രചരിച്ചിട്ടുണ്ട്. അപ്പോൾ ആ പദങ്ങളും ഒഴിവാക്കണം. ശരീരത്ത് കാക്കി കേറുമ്പോഴേക്കും ഭ്രാന്ത് പിടിക്കുന്ന ഈ ഏമാന്മാർ തങ്ങളുടെ റിട്ടയർമെന്റ് കാലത്തെക്കുറിച്ചോർക്കുമെങ്കിൽ, പിന്നെ ഡിജിപിക്ക് സർക്കുലർ ഇറക്കേണ്ട ആവശ്യം വരുമായിരുന്നില്ല.

oooooooooooooooooo

**പാനൂർ ചെറ്റക്കണ്ടിയിൽ ബോംബുനിർമ്മാണത്തിനിടെ സ്ഫോടനത്തിൽ മരിച്ച രണ്ടു സിപിഎം പ്രവർത്തകരുടെ രക്തസാക്ഷിസ്മാര**

**കത്തിന്റെ ഉദ്ഘാടനച്ചടങ്ങിൽ പാർട്ടിയുടെ സംസ്ഥാന സെക്രട്ടറി എം. വി. ഗോവിന്ദൻ പങ്കെടുത്തില്ല. അതേ സമയം കേന്ദ്രകമ്മിറ്റി അംഗം ഇ. പി. ജയരാജനും, സംസ്ഥാനസമിതി അംഗം പി.ജയരാജനും, ജില്ലാ സെക്രട്ടറി എം.വി.ജയരാജനും സ്മാരകം പണിയുന്നതിനെ അനുകൂലിച്ചു. (23/05/2024 ലെ പത്രവാർത്ത)**

സിപിഎമ്മിലെ മൂന്നു ജയരാജന്മാർക്കും അഭിനന്ദനങ്ങൾ. നാടിന്റെ വികസനത്തിനുവേണ്ടി ബോംബ്നിർമ്മാണം നടത്തിയ പാർട്ടിപ്രവർത്തകരെ തള്ളിപ്പറയാൻ അവർ തയ്യാറായില്ല. ബോംബ് പൊട്ടി അവർ കൊല്ലപ്പെട്ടു. പാർട്ടിക്കുവേണ്ടിയാണ് അവർ രക്തസാക്ഷികളായത് എന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞവരാണ് ഈ മൂന്നു ജയരാജന്മാരും. അണികളെ തള്ളിപ്പറയാത്ത ഇത്തരം നേതാക്കന്മാരാണ് പാർട്ടിയുടെ ശക്തി.

oooooooooooooooo

**മാർ അത്തനേഷ്യസ് യോഹാൻ പ്രഥമൻ മെത്രാപ്പോലീത്ത കാലം ചെയ്തു (പത്രവാർത്ത)**

അതായത്, നമ്മുടെ കെ. പി. യോഹന്നാൻ മരിച്ചൂന്ന്. പണ്ട് മുണ്ടും ഷർട്ടും ഇട്ട്, ലാളിത്യത്തിന്റെ പര്യായമായി നമ്മുടെ മുമ്പാകെ വരാറുണ്ടായിരുന്ന ആ പഴയ ഡോ. കെ. പി. യോഹന്നാൻ. പിന്നീട് ശരീരത്തിൽ ളോഹയായി, കഴുത്തിൽ കുരിശായി, രുദ്രാക്ഷമാലയായി, കയ്യിൽ ധൂപമായി, മുന്നിൽ അൾത്താരയായി... ഒടുവിൽ പവനായി ശവമായി എന്നു പറഞ്ഞപോലെയായി. കച്ചവടമനസ്സോടെ ആത്മീയതയെ സമീപിക്കാൻ ആരും ശ്രമിക്കരുത്. ഓന്ത് ഓടിയാൽ എത്രടം വരെ ഓടും എന്ന പോലെയാണ് നമ്മുടെ ജീവിതം എന്ന കാര്യം ആരും മറക്കരുത്.

oooooooooooooooo

**എംഎൽഎ എൽദോസ് കുന്നപ്പിള്ളിക്കെതിരെ പീഡനക്കേസ്. കുറ്റപത്രം സമർപ്പിച്ചു. 2022 സെപ്റ്റംബർ 14 ന് കോവളത്ത് പൊതുസ്ഥലത്ത് വച്ച് എംഎൽഎയും യുവതിയും തമ്മിൽ തർക്കമുണ്ടായതോടെയാണ് കേസിന്റെ തുടക്കം (23/05/2024 ലെ പത്രവാർത്ത)**

അന്നത്തെ ആ തർക്കമുണ്ടായില്ലെങ്കിൽ ഈ പീഡനക്കേസ് ഉണ്ടാവുകയില്ല എന്നർത്ഥം. ആ തർക്കത്തിന്റെ കാരണം എന്തായിരുന്നു, ആവോ? കോൺഗ്രസ്സുകാരനായ കുന്നപ്പിള്ളിയുടെ ഭാഗത്ത് സിപിഎമ്മുകാർ പറയുന്നതുപോലെ ലേശം ജാഗ്രതക്കുറവ് സംഭവിച്ചുവോ? എന്താണ് വാസ്തവത്തിൽ സംഭവിച്ചതെന്ന് വ്യക്തമാകുന്നതുവരെ നമുക്ക് കാത്തിരിക്കാം. ഉപ്പ് തിന്നിട്ടുണ്ടെങ്കിൽ വെള്ളം കുടിക്കാതെ തരമില്ലല്ലോ.

# www.reallifevoice.in

**എം. വി. സെബാസ്റ്റ്യന്റെ കൃതികൾ**

1. വിശ്വാസവും സ്നാനവും: ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?
2. മൂപ്പൻ
3. സഭ
4. പരിശുദ്ധാത്മാവ്
5. യോവേൽ (പുസ്തകപഠനം)
6. ഓബദ്യാവ് (പുസ്തകപഠനം)
7. മീഖാ (പുസ്തകപഠനം)
8. ഹബക്കൂക് (പുസ്തകപഠനം)
9. കുടുംബജീവിതം
10. മൂലഭാഷകളുടെ സൗന്ദര്യം
11. ചോദ്യവും ഉത്തരവും
12. തലമുറകൾ
13. മഹാകവി കെ. വി. സൈമൺ
14. തൃശ്ശൂരിലെ താരപ്പേട്ടൻ അഥവാ സി. വി. താരപ്പൻ
15. തിരുവട്ടാർ കൃഷ്ണൻകുട്ടി: പ്രസംഗപീഠത്തിലെ ബാലസിംഹം
16. സൺഡേസ്കൂൾ പാഠങ്ങൾ (ഭാഗം 1)
17. ഖുർആൻ: ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ
18. ഇമ്മാനുവിന്റെ സംശയങ്ങൾ
19. ചിന്തകൾ പന്തങ്ങളാകുമ്പോൾ (എന്റെ ഡയറിക്കുറിപ്പുകൾ)
20. സത്യം തേടി...
21. പുതിയനിയമത്തിലൂടെ യാത്ര ചെയ്യുമ്പോൾ...
22. റോമർ 16-ാം അദ്ധ്യായത്തിലെ ദൈവമക്കൾ
23. Faith and Baptism: How Was It Taught and Practiced in the First Century?

**ഈ പുസ്തകങ്ങൾ ആവശ്യമുള്ളവർക്ക് വെബ്സൈറ്റിൽനിന്നു നേരിട്ട് അവ download ചെയ്യാവുന്നതാണ്. അല്ലെങ്കിൽ നിങ്ങളുടെ വാട്സാപ് നമ്പറിൽ ആവശ്യപ്പെടുക. അപ്പോൾ ആവശ്യമുള്ള പുസ്തകങ്ങളുടെ pdf ആ വാട്സാപ് നമ്പറിലേക്ക് ഞങ്ങൾ അയച്ചുതരുന്നതാണ്.**

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2023-25
Licence No. KL/CR/TCR/WPP-01/2023-25
Licensed to Post Without Prepayment.

Published on
17th June 2024

Posted at
Thrissur RMS

## ആനുകാലികം

# 2006 ഒക്ടോബർ 12 ന് മരിച്ച പതിനഞ്ചുവയസ്സുകാരൻ ഇനിമുതൽ കത്തോലിക്കാ വിശുദ്ധൻ!

കംപ്യൂട്ടർ പ്രതിഭ കാർലോ അക്യൂട്ടിസ് വിശുദ്ധപദവിയിലേക്ക്. കത്തോലിക്കാവിശ്വാസം പ്രചരിപ്പിക്കുന്നതിന് കംപ്യൂട്ടർ പരിജ്ഞാനം ഉപയോഗിച്ച ഈ ബാലൻ രക്താർബുദം ബാധിച്ചാണ് മരിച്ചത്. കാർലോയുടെ മധ്യസ്ഥതയിൽ പ്രാർത്ഥിച്ചിട്ട് കോസ്റ്ററിക്കയിലെ ഒരു കൗമാരക്കാരിക്ക് അപകടത്തെത്തുടർന്നുണ്ടായ ഗുരുതരാവസ്ഥയിൽനിന്നും സൗഖ്യം ലഭിച്ചത് രണ്ടാമത്തെ അത്ഭുതമായി സമിതി അംഗീകരിച്ചു. നേരത്തെ ഒരു ബാലന് രോഗസൗഖ്യം കിട്ടിയിട്ടുണ്ടായിരുന്നു. (2024 മെയ് 24 ലെ പത്രവാർത്ത)

ഈ ചെറുക്കന്റെ ഒരു ഭാഗ്യമേ! 1926 ൽ മരിച്ച മറിയം ത്രേസ്യയെ വിശുദ്ധയായി പ്രഖ്യാപിച്ചത് 2019 ൽ മാത്രം. 93 വർഷങ്ങൾ കഴിഞ്ഞിട്ട്! 1871 ൽ മരിച്ച ചാവറ കുരിയാക്കോസ് ഏലിയാസിനെ വിശുദ്ധനായി പ്രഖ്യാപിച്ചത് 2014 ൽ. 143 കൊല്ലങ്ങൾക്കു ശേഷം! സെബസ്ത്യാനോസ് കൊല്ലപ്പെട്ടത് ഏഡി 288 ലും വിശുദ്ധനായി പ്രഖ്യാപിച്ചത് 86 വർഷങ്ങൾക്കുശേഷം 374 ലും! അപ്പോൾ ഈ പതിനഞ്ചുകാരൻ ഭാഗ്യവാൻ തന്നെ. മരിച്ച് വെറും 18 കൊല്ലങ്ങൾകൊണ്ട് വിശുദ്ധനാവുക! ജീവിച്ചിരിപ്പുണ്ടെങ്കിൽ വെറും 33 വയസ്സു മാത്രം. സൗഖ്യം പ്രാപിച്ച ആ ബാലനും ആ കൗമാരക്കാരിയും കത്തോലിക്കാസഭയ്ക്ക് ചെയ്തുകൊടുത്തത് വലിയൊരു ഉപകാരമാണ് – ഒരു വിശുദ്ധനെക്കൂടി കിട്ടിയില്ലേ!

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V